**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 581** **11-06-2024 - ൽ മറുപടിയ്ക്ക്**

**ചരക്ക് സേവന നികുതി വകുപ്പിലെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2017-ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ ഓൺലൈൻ സ്ഥലംമാറ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ഈ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ചരക്ക സേവന നികതി വകുപ്പിന്റെ പുനസംഘടനയ്ക്ക് മുമ്പായി വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി സ്പാർക്ക് മൊഡ്യൂളിൽ എല്ലാവിധ നടപടിക്രമങ്ങളും പൂർത്തിയാക്കിയിരുന്നു. തുടർന്ന് ജനറൽ ട്രാൻസ്ഫർ മൊഡ്യൂൾ തയ്യാറാക്കുന്ന അവസരത്തിലാണ് 02.08.2022-ലെ സ.ഉ.(കൈ)നം.55/2022/നികുതി, 29.12.2022-ലെ സ.ഉ.(കൈ)നം.106/2022/നികുതി എന്നീ ഉത്തരവുകൾ പ്രകാരം വകുപ്പ് പുനഃസംഘടിപ്പിച്ചത്. ഇത് പ്രകാരം വകുപ്പിലെ 4400-ൽ പരം ജീവനക്കാരെ 11.01.2023, 12.01.2023 തീയതികളിലെ ഉത്തരവുകൾ പ്രകാരം, പുനഃസംഘടന ഉത്തരവുകൾക്ക് അനുസൃതമായി വകുപ്പിലെ പുതിയ വെർട്ടിക്കലുകളിൽ പുതുതായി രൂപീകരിച്ച ഓഫീസുകളിലേക്ക് പുനർവിന്യസിക്കുകയുണ്ടായി. പുനഃസംഘടന പ്രാബല്യത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന ഓഫിസുകൾ ഇല്ലാതാകുകയും പുതിയ ഓഫീസുകൾ രൂപികരിക്കപ്പെടുകയും ചെയ്തു. ആയതിനാൽ ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടത്തുന്നതിനായി മുൻപ് സ്വീകരിച്ച നടപടികൾ വീണ്ടും ആദ്യം മുതൽ ആരംഭിക്കേണ്ട സ്ഥിതി ഉണ്ടായി. മേൽപറഞ്ഞ സാഹചര്യത്തിലാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-14) വകുപ്പിന്റെ 25.02.2017-ലെ സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റം നടപ്പിലാക്കാൻ കഴിയാത്തത്. പുതുതായി നിലവിൽ വന്ന ഓഫീസുകളുടെ കോഡുകൾ, ഡെസിഗ്നേഷൻ കോഡുകൾ, കേഡർ സ്ട്രെങ്ത്, കേഡർ മാപ്പിങ് എന്നിവ പുതുതായി രൂപികരിക്കപ്പെടുന്ന വകുപ്പിന് സമാനമായി സംസ്ഥാന ചരക്ക സേവന നികതി വകുപ്പിലും സ്പാർക്കിൽ അപ്ഡേഷൻ നടത്തേണ്ടതായുണ്ട്. പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | നിലവിൽ പുതിയ ഘടനയിൽ ഓൺലൈൻ വഴി ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ തനതു വർഷം ഓഫ്‌ലൈനായി പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 2017 ലെ പൊതുസ്ഥലംമാറ്റ ചട്ടങ്ങൾ അനുസരിച്ചുള്ള സ്ഥലംമാറ്റത്തിന് തനത് വർഷം നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ ചട്ടങ്ങൾ അനുശാസിക്കും വിധമുള്ള സ്ഥലംമാറ്റ നടപടികൾ എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന ചരക്കു സേവന നികതി വകുപ്പിന്റെ പുനസംഘടനയ്ക്കു മുമ്പായി വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി സ്പാർക്ക് മൊഡ്യൂളിൽ എല്ലാവിധ നടപടിക്രമങ്ങളും പൂർത്തിയാക്കിയിരുന്നു. തുടർന്ന് ജനറൽ ട്രാൻസ്ഫർ മൊഡ്യൂൾ തയ്യാറാക്കുന്ന അവസരത്തിലാണ് 02.08.2022-ലെ സ.ഉ.(കൈ)നം.55/2022/നികുതി, 29.12.2022-ലെ സ.ഉ.(കൈ)നം.106/2022/നികുതി എന്നീ ഉത്തരവുകൾ പ്രകാരം വകുപ്പ് പുനഃസംഘടിപ്പിച്ചത്. ഇത് പ്രകാരം വകുപ്പിലെ 4400-ൽ പരം ജീവനക്കാരെ 11.01.2023, 12.01.2023 തീയതികളിലെ ഉത്തരവുകൾ പ്രകാരം, പുനഃസംഘടന ഉത്തരവുകൾക്ക് അനുസൃതമായി വകുപ്പിലെ പുതിയ വെർട്ടിക്കലുകളിൽ പുതുതായി രൂപീകരിച്ച ഓഫീസുകളിലേക്ക് പുനർവിന്യസിക്കുകയുണ്ടായി. പുനഃസംഘടന പ്രാബല്യത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന ഓഫിസുകൾ ഇല്ലാതാകുകയും പുതിയ ഓഫീസുകൾ രൂപികരിക്കപ്പെടുകയും ചെയ്തു. ആയതിനാൽ ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടത്തുന്നതിനായി മുൻപ് സ്വീകരിച്ച നടപടികൾ വീണ്ടും ആദ്യം മുതൽ ആരംഭിക്കേണ്ട സ്ഥിതി ഉണ്ടായി. മേൽപറഞ്ഞ സാഹചര്യത്തിലാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-14) വകുപ്പിന്റെ 25.02.2017-ലെ സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റം നടപ്പിലാക്കാൻ കഴിയാത്തത്. പുതുതായി നിലവിൽ വന്ന ഓഫീസുകളുടെ കോഡുകൾ, ഡെസിഗ്നേഷൻ കോഡുകൾ, കേഡർ സ്ട്രെങ്ത്, കേഡർ മാപ്പിങ് എന്നിവ പുതുതായി രൂപികരിക്കപ്പെടുന്ന വകുപ്പിന് സമാനമായി സംസ്ഥാന ചരക്കു സേവന നികതി വകുപ്പിലും സ്പാർക്കിൽ അപ്ഡേഷൻ നടത്തേണ്ടതായുണ്ട്. പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വകപ്പിൽ ഓൺലൈൻ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. നിലവിൽ പുതിയ ഘടനയിൽ ഓൺലൈൻ വഴി ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ തനതു വർഷം ഓഫ്‌ലൈനായി പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | 2024 മെയ് 31 വരെ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത | (സി) | 2024 മെയ് 31 വരെ വകുപ്പിൽ വിവിധ തസ്തികകളിലായി ഉണ്ടായിട്ടുള്ള ഒഴിവുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

ഒഴിവുകളിലേയ്ക്ക് നിയമനത്തിനായുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ?

| നം. | തസ്തിക | ഒഴിവ് |
|---|---|---|
| 1 | ഓഫീസ് അറ്റൻഡൻറ് | 10 |
| 2 | ക്ലാർക്ക് | 11 |
| 3 | ക്ലറിക്കൽ അസിസ്റ്റന്റ് | 12 |
| 4 | സീനിയർ ടാക്സ് അസിസ്റ്റൻറ് | 7 |
| 5 | ഡ്രൈവർ | 6 |
| 6 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| 7 | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ | 38 |
| 8 | സ്റ്റേറ്റ് ടാക്സ് ഓഫീസർ | 33 |
| 9 | ഡെപ്യൂട്ടി കമ്മീഷണർ | 31 |
| 10 | ജോയിന്റ് കമ്മീഷണർ | 2 |

02/08/2022-ലെ സ.ഉ(കൈ)നം.55/2022/നികുതി, 29/12/2022-ലെ സ.ഉ(കൈ)നം.106/2022/നികുതി എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2023 ജനുവരി മാസത്തിൽ വകുപ്പിനെ ഘടനാപരമായി പുനഃസംഘടിപ്പിച്ചിരുന്നു. മേൽ ഉത്തരവുകൾ പ്രകാരം വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയുടെ അംഗബലം 407 നിന്നും 207 ആയി നിജപ്പെടുത്തുകയുണ്ടായി. ആയതിനാൽ നിലവിൽ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകളില്ല.

ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, സ്റ്റേറ്റ് ടാക്സ് ഓഫീസർ എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകുന്നതിനു വേണ്ടി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ നോൺ ഗസറ്റഡ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ